ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം - ഡി.ഐ.ജി. ദക്ഷിണ മേഖല - സി.എഫ്.എൽ.ടി.സി. ജയിലുകളിൽ നിന്നും ഒഴിവാക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു :-

പരാമർശം : 23.03.2022 തീയതിയിലെ G9-251/2022/DIGSICA എന്ന ദക്ഷിണ മേഖല, ഡി.ഐ.ജി. യുടെ കത്ത്.

**<u>ഉത്തരവ് നമ്പർ. G2-7271/2022/PrHQ; തീയതി : 30-03-2022</u>**

കോവിഡ് 19 രോഗത്തിന്റെ വ്യാപനത്തോടനുബന്ധിച്ച് സർക്കാർ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ എല്ലാം പിൻവലിച്ച സാഹചര്യത്തിൽ ജയിൽ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്ന സി.എഫ്.എൽ.ടി.സി.കൾ ഒഴിവാക്കി ബന്ധപ്പെട്ട കോടതികളുടെ അധികാരപരിധിയിൽ വരുന്ന അതാത് ജയിലുകളിൽ പ്രതികളുടെ അഡ്മിഷൻ എടുക്കുവാൻ അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരമർശത്തിലെ കത്ത് മുഖേന **ദക്ഷിണ മേഖല, ഡി.ഐ.ജി.** അപേക്ഷിച്ചിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ പരാമർശത്തിലെ **ദക്ഷിണ മേഖല, ഡി.ഐ.ജി.യുടെ അപേക്ഷ പരിഗണിച്ച്** കോവിഡ് 19 രോഗത്തിന്റെ വ്യാപനവുമായി ബന്ധപ്പെട്ടുള്ള നിയന്ത്രണങ്ങൾ സർക്കാർ പിൻവലിച്ച സാഹചര്യത്തിൽ ജയിൽ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയ സി.എഫ്.എൽ.ടി.സി.കൾ ഒഴിവാക്കി ബന്ധപ്പെട്ട കോടതികളുടെ അധികാരപരിധിയിൽ വരുന്ന അതാത് ജയിലുകളിൽ പ്രതികളുടെ അഡ്മിഷൻ എടുക്കുവാൻ എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും അനുമതി നൽകിക്കൊണ്ടും, പോസിറ്റീവ് റിപ്പോർട്ട് ചെയ്യുന്ന പ്രതികളെ മാറ്റി പാർപ്പിക്കുന്നതിന് മേഖലാ ഡി. ഐ. ജി മാർ അതാത് ജില്ലകളിലുള്ള ഒരു ജയിലിൽ പ്രത്യേകം സൗകര്യം ഒരുക്കുന്നതിനും അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

ടി ഉത്തരവ് നടപ്പിലാക്കിയ വിവരം സ്ഥാപനമേധാവികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Sd/-

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും.